# ശകുന്തള




ശകുന്തള  രവിവർമ്മച്ചിത്രം

കാട്ടുമുല്ലകൾ പൂവണിയിച്ചൊ-
രാവനതട കാന്തിയിൽ

അപ്സരസ്സെന്ന പോലെയങ്ങനെ
നില്ക്കയാണു ശകുന്തള.

മുഗ്ധലജ്ജയാൽ കൂമ്പിടുന്നൊരാ
ലോലനീല മിഴികളിൽ

തങ്ങി നില്പു ഹാ! സ്വർഗ്ഗസാമ്രാജ്യ-
ഭംഗി തൻെറ നിലാവൊളി.

പൂത്ത കൈതകൾ കാറ്റിലങ്ങനെ
മന്ദമന്ദമുലയവേ

സ്വച്ഛ സുന്ദരമാജ്ജലാശയ-
സൈകതങ്ങളിലെന്തിനോ

വിണ്ണിൽ നിന്നൊരു മുഗ്ധഭാവന
പൊട്ടിവീണതു മാതിരി

പൂവിറുത്തു കൊരുത്തുകൊണ്ടതാ
നില്ക്കയാണു ശകുന്തള.

പൂനിലാവിലലിഞ്ഞു ചേർന്നൊരു
നിഷ്കളങ്കതയെന്ന പോൽ

തങ്ങിനില്ക്കുന്നു മന്ദഹാസമാ-
ച്ചെഞ്ചൊടികളിലപ്പൊഴും.

നീലമാലിനി തൻ തടങ്ങളി-
ലേകയായ്, രാഗലോലയായ്

ആ യുവരാജകോമളനേയും
കാത്തു നില്പു ശകുന്തള.

ദൂരെയച്ചക്രവാളരേഖയി–
ലമ്പിളിക്കല പൊങ്ങവേ

പാട്ടു പാടുകയാണു ഹൃത്തട–
ത്തികലോർമ്മകൾ പിന്നെയും.

അബ്ബലിഷ്ഠ കരങ്ങളിലമർ–
ന്നീ മലരണി ശയ്യയിൽ

വിസ്മരിച്ചു മറ്റൊക്കെയുമവൾ
പ്രേമനിർവൃതി ധാരയിൽ.

തങ്കമേ! നിന്റെ കണ്ണിണകളിൽ
തങ്ങി നില്ക്കുകയാണു ഹാ!

വിണ്ണിനുള്ള വിശുദ്ധി – ശേഷമ–
ച്ചുംബനത്തിലലിഞ്ഞു പോയ്.

യാത്ര ചോദിച്ചു നില്ക്കയാണതാ
ധീരനാ യുവകാമുകൻ.

ആ വിരിമാറിലെന്തിനോ തല
ചായ്ച്ചു നിന്നവൾ പിന്നെയും.

നീലമാലിനീ സൈകതങ്ങളി–
ലേകയായ്, രാഗലോലയായ്

ആ യുവരാജ കോമളനേയും
കാത്തിരിപ്പൂ ശകുന്തള. ■

**This poem received first prize in** September 1952 in a poetry competition jointly organized by Kaumudi Onam Special and Sahitya Pravarthaka Sahakarana Sangham .